(ഡി) ഈ സ്ഥാപനത്തിൽ ഇപ്പോൾ ആകെ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അതെ.

(ബി) കേരഫെഡിൽ 898 പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾ ഉണ്ട്. ഇതിൽ 564 സംഘങ്ങൾക്ക് 50,000 രൂപ മുതൽ രണ്ടു ലക്ഷം രൂപവരെ കൊപ്ര സംഭരിച്ച് കേരഫെഡിന് നൽകുന്നതിന് ഓഹരി മൂലധനമായി അനുവദിച്ചിട്ടുണ്ട്.

(സി) ഇല്ല. ഇരുപതോളം സംഘങ്ങൾ മാർക്കറ്റ് വിലയ്ക്ക് കൊപ്ര സംഭരിക്കുന്നുണ്ട്. 1-7-99 മുതൽ 31-10-99 വരെ ക്വിന്റലിന് 100 രൂപ പ്രത്യേക ഇൻസന്റീവ് നൽകി ക്രൊപ്ര സംഭരിക്കുന്നതിനുള്ള ഊർജ്ജിത ശ്രമം നടന്നു വരുന്നു.

(ഡി) 116 സ്ഥിരം ജീവനക്കാർ ഉള്ളതിൽ 93 പേർ നേരിട്ട് നിയമിക്കപ്പെട്ടവരും 23 പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവരുമാണ്. കൂടാതെ 141 കാഷ്വൽ/ദിവസക്കൂലി ജീവനക്കാരുമുണ്ട്.

94 (3419) റബ്ബർതടി സംസ്ക്കരണത്തിന് യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർതടി ട്രാൻസ്പോർട്ട് ചെയ്യുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) സംസ്ഥാനത്ത് റബ്ബർതടി സംസ്ക്കരണത്തിനുവേണ്ടി യൂണിറ്റ് ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത യൂണിറ്റ് എവിടെ ആരംഭിക്കാനാണ് പദ്ധതിയിട്ടിട്ടുള്ളതെന്നും ഇത് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുമെന്നും അറിയിക്കുമോ?

ഉത്തരം

(എ&(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പ്ലാന്റേഷൻ കോർപ്പറേഷനുകീഴിൽ കൊടുമണിൽ ഒരു റബ്ബർതടി സംസ്ക്കരണഫാക്ടറി പ്രവർത്തിക്കുന്നുണ്ട്. പുതിയ യൂണിറ്റ് ആരംഭിക്കാൻ ഇപ്പോൾ പദ്ധതിയില്ല.

(ഡി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly